# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2730 07.12.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായം

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | കഴിഞ്ഞ വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര എണ്ണത്തിന് ധനസഹായം നൽകി; ഒരു വർഷത്തിനുള്ളിൽ എത്ര രൂപയാണ് ഈയിനത്തിൽ ധനസഹായമായി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | പട്ടികജാതി വിഭാഗത്തിൽ 26531 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 24423 എണ്ണത്തിന് ധനസഹായം നൽകി. ഒരു വർഷത്തിനുള്ളിൽ 36,60,91,700/-(മുപ്പത്തിയാറ് കോടി അറുപത് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എഴുന്നൂറ് രൂപ) രൂപ അനുവദിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ 14923 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 14893 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ ആകെ 4,54,03,340/-(നാല് കോടി അൻപത്തി നാല് ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി നാല്പത് രൂപ) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഓരോന്നിനും ഏതൊക്കെ അസുഖങ്ങൾക്കാണ് ധനസഹായം നൽകുന്നത്; ഓരോ വിഭാഗവും എന്തൊക്കെ രേഖകളാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്; ഓരോന്നിനും | ബി) | മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരായ പട്ടികജാതി വിഭാഗങ്ങൾക്ക് അടിയന്തര ചികിത്സ ധനസഹായമായി 1,00,000/-രൂപ വരെ അനുവദിച്ചുവരുന്നു.<br>വരുമാന പരിധി 1,00,000/-രൂപയാണ്. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, |

| | | | |
|---|---|---|---|
| | പ്രത്യേകം അപേക്ഷ ഫോറം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | | ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഗുണഭോക്താവിന്റെ) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഓരോന്നിനും പ്രത്യേകം അപേക്ഷ ഫോം നൽകിയിട്ടില്ല.<br>• പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ ധനസഹായം അനുവദിക്കുന്നു.<br>• ക്യാൻസർ,ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.<br>• മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.<br>• സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ട താണ്.<br>• ഓരോ അസുഖത്തിനും പ്രത്യേകം അപേക്ഷാ ഫോറം നിലവിൽ ഇല്ല. |

| | | | |
|---|---|---|---|
| സി) | പട്ടികജാതി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിനും ഓൺലൈൻ വഴി അപേക്ഷ നൽകാമോ; എന്തൊക്കെ രേഖകളാണ് ഇതുവഴി അപ്‌ലോഡ് ചെയ്യേണ്ടത്; അക്ഷയയും മറ്റും വഴി അപ്‌ലോഡ് ചെയ്യുമ്പോൾ ഈ വിഭാഗങ്ങൾക്ക് 50 രൂപയിൽ അധികം ചെലവാകും എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓൺലൈൻ വഴിയുള്ള അപേക്ഷകൾ ലളിതമാക്കുന്നതിനു വേണ്ടി നടപടി സ്വീകരിക്കുമോ ? | സി) | പട്ടികജാതി വിഭാഗത്തിന് ചികിത്സ ധനസഹായത്തിന് ഓൺലൈൻ വഴിയാണ് അപേക്ഷ നൽകേണ്ടത്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഗുണഭോക്താവിന്റെ) എന്നിവ അപേക്ഷയോടൊപ്പം സൈറ്റിൽ അപ് ലോഡ് ചെയ്യണം.<br>അക്ഷയ മുഖേന അപേക്ഷകൾ അപ് ലോഡ് ചെയ്യുന്നതിന് ഒരു ഗുണഭോക്താവിന് 45/-രൂപ നിരക്കിൽ വകുപ്പിൽ നിന്നും അക്ഷയയ്ക്ക് സർവ്വീസ് ചാർജ്ജ് അനുവദിച്ചുവരുന്നു. എന്നാൽ ഗുണഭോക്താവിന് ഈ ഇനത്തിൽ 50/-രൂപയിൽ അധികം ചെലവാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓൺലൈൻ വഴിയുള്ള അപേക്ഷകൾ ലളിതമാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.<br>ചികിത്സാ ധനസഹായം ഓൺലൈനായി നൽകുന്ന ടി-ഗ്രാന്റ്സ് സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**